# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2450 — 08/12/2015-ൽ മറുപടിയ്ക്ക്

**<u>പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള പദ്ധതികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഇ. ചന്ദ്രശേഖരൻ :** | | **ശ്രീമതി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)** | |
| (എ) | മിഷൻ 676-ൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗവിഭാഗത്തിന്റെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളായിരുന്നു ആവിഷ്കരിച്ചിരുന്നതെന്ന് പറയാമോ; | (എ)<br>&<br>(ബി) | മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായി താഴെപ്പറയുന്ന 5 പ്രധാനപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>**1. സമ്പൂർണ്ണ ഭവന നിർമ്മാണം**<br><br>2014-15 സാമ്പത്തികവർഷം പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച കണക്ക് പ്രകാരം സംസ്ഥാനത്ത് 30308 ഭവനരഹിതരും എന്നാൽ ഭവന നിർമ്മാണത്തിന് സ്ഥല സൗകര്യമുള്ളതുമായ പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തി.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് പദ്ധതി, എ.ടി.എസ്.പി. പദ്ധതി, ഹഡ്കോ വായ്പാതുക വിനിയോഗിച്ചുള്ള ഭവന നിർമ്മാണം, ഐ.എ.വൈ. പദ്ധതി പ്രകാരം ഗ്രാമവികസനവകുപ്പിൽ നിന്നും പട്ടികവർഗ്ഗക്കാർക്കായി ലഭ്യമാകുന്ന ഭവന നിർമ്മാണ പദ്ധതി എന്നിവയിലൂടെ പട്ടികവർഗ്ഗ ക്കാരുടെ സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | അതിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ; | | |

2014-15 വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം 2907 പേർക്ക് വീടുകൾ അനുവദിക്കുകയും 2015-16 വർഷം ഹഡ്കോ ഹൗസിംഗ് പദ്ധതി പ്രകാരം 2000 വീടുകളും എ.ടി.എസ്.പി. പദ്ധതി പ്രകാരം 10000 വീടുകളും അടക്കം 12,000 വീടുകൾ അനുവദിച്ചു. നിർമ്മാണ പ്രവർത്തി ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.

ഗ്രാമ വികസന വകുപ്പ് മുഖേനയുള്ള ഐ.എ.വൈ പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാർക്ക് 2014-15-ൽ 9337 വീടുകളും 2015-16-ൽ അത്രയും പേർക്കുകൂടിയും വീടുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| ക്രമ നം. | വർഷം | പദ്ധതി | വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | 2014-15 | ജനറൽ ഹൗസിംഗ് പദ്ധതി | 2907 |
| 2 | 2014-15 | ഐ.എ.വൈ. പദ്ധതി | 9337 |
| എ | | ആകെ | 12,244 |
| 3 | 2015-16 | ഹഡ്കോ | 2000 |
| 4 | 2015-16 | എ.റ്റി.എസ്.പി. | 10,000 |
| ബി | | ആകെ | 12000 |
| | | (എ + ബി) | 24244 |

ഹഡ്കോ വായ്പയുടെ രണ്ടാം ഗഡു തുകയായ 85 കോടി രൂപ 2015-16-ൽ തന്നെ ലഭ്യമാക്കി ശേഷിക്കുന്ന ഭവനരഹിതർക്കും വീട് അനുവദിക്കുന്നതാണ്. ഐ.എ.വൈ.പദ്ധതി പ്രകാരം 2015-16-ൽ 9337 വീടുകൾകൂടി അനുവദിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

**2. ഹാംലെറ്റ് വികസന പദ്ധതി**

പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുക്കുന്ന ഓരോ കോളനിയ്ക്കും ഒരു കോടി രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥയും ക്ലേശഘടകങ്ങളും മുൻ നിർത്തി 2014-15 വർഷം 25 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. 2015-16 വർഷം പദ്ധതി നടപ്പിലാക്കുന്നതിന് ബജറ്റ് വിഹിതമായി 10 കോടി രൂപ ലഭിച്ചതിൽ നാളിതുവരെ 8 കോളനികളെ തെരഞ്ഞെടുക്കുകയും ആയതിൽ 4 കോളനികൾക്ക് ഭരണാനുമതി ലഭ്യമായി. പദ്ധതി പ്രാരംഭഘട്ടത്തിലാണ്.

**3. പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം**

നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷന്റെ വിവിധ കേന്ദ്രങ്ങളിൽ 2013-14-ൽ ഡിപ്ലോമ കോഴ്സിലേയ്ക്ക് 300 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിൽ 375 ലക്ഷം രൂപ ആദ്യവർഷത്തെ ഫീസായും 2015-16-ൽ രണ്ടാം വർഷത്തെ ഫീസായി സർക്കാർ അനുവദിച്ച 213.82 ലക്ഷം രൂപയിൽ 106.91 ലക്ഷം രൂപ മൂന്നാം സെമസ്റ്റർ ഫീസായി അനുവദിച്ചു. 2015-16-ൽ അഭ്യസ്തവിദ്യരായ 332 പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഒന്നും രണ്ടും വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിന് കൂടി പരിശീലനം നല്കി വരുന്നു.

2014-15-ൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഒരു വർഷം നീണ്ടുനിൽക്കുന്ന എൻട്രൻസ് പരീക്ഷാ പരിശീലനം 68 കുട്ടികൾക്ക് റസിഡൻഷ്യൽ കോച്ചിംഗ്

| | | | |
|---|---|---|---|
| | | | ഉൾപ്പെടെ പരിശീലനം നടപ്പിലാക്കുന്നതിനായി 67.76 ലക്ഷം രൂപ പാല ബ്രില്ല്യന്റ് സ്റ്റഡി സെന്റർ മുഖേന, പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 80 കുട്ടികൾക്കുകൂടി പരിശീലനം നല്കുന്നതിനായി 87.56 ലക്ഷം രൂപ അനുവദിച്ചതിൽ 77.48 ലക്ഷം രൂപ നാളിതു വരെ ചെലവഴിച്ചു.<br><br>**4. പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം.**<br><br>**i) പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം.**<br><br>2014-15-ൽ 174.60 ലക്ഷം രൂപ ചെലവഴിച്ച് 349 ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 150 ലക്ഷം രൂപ വകയിരുത്തിയതിൽ നാളിതുവരെ 105 ലക്ഷം രൂപ ടി പദ്ധതിയ്ക്കായി ജില്ലകൾക്ക് അനുവദിച്ചു നല്കിയിട്ടുണ്ട്.<br><br>അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>**ii) അരിവാൾ രോഗം**<br><br>വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന ആജീവനാന്ത പരമ്പര്യ രോഗമാണ് സിക്കിൾ സെൽ അനീമിയ. പ്രസ്തുത രോഗികൾക്ക് ഓരോമാസവും 1000/- രൂപ വീതം അതാതത് ജില്ലാ ഓഫീസുകൾ മുഖാന്തിരം ഇതുവരെ 603 ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്.<br><br>**iii) ജനനീ ജന്മരക്ഷ**<br><br>പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ 11850 ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **iv) പട്ടികവർഗ്ഗക്കാരിലെ വംശീയ വൈദ്യൻ മാർക്കുള്ള ധനസഹായം.**<br><br>ടി പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ 250 ഗുണഭോക്താക്കൾക്ക് ധന സഹായം നല്കുകയും 2015-16 വർഷത്തിൽ 250 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് 10,000 രൂപ വാർഷിക ഗ്രാന്റായി കിർത്താഡ്സ് മുഖാന്തിരം നല്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>**5. എ.റ്റി.എസ്.പി പദ്ധതി പ്രകാരം തെരഞ്ഞെടുത്ത മേഖലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സ്ഥായിയായ സമഗ്ര വികസനം.**<br><br>2014-15 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത മേഖല കളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സ്ഥായിയായ സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി 150 കോടി രൂപ ബജറ്റ് വിഹിതമായി ലഭിക്കുകയും പിന്നോക്കാവസ്ഥയിലുള്ള 14 ബ്ലോക്ക് / പഞ്ചായത്തു കളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് 135.75 കോടി രൂപ വിവിധ വികസന പ്രവർത്തന ങ്ങൾക്ക് ജില്ലകൾക്ക് അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ടി പദ്ധതിയ്ക്കായി 2015-16 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി 150 കോടി രൂപ ലഭിച്ചതിൽ 85 കോടി രൂപ ഭവന നിർമ്മാണത്തിന് വിവിധ ജില്ലകൾക്ക് അനുവദിയ്ക്കുകയും അതിൽ 30 കോടി രൂപ നാളിതുവരെ ചെലവഴിക്കുകയും ചെയ്തു. ശേഷിക്കുന്ന 65 കോടി രൂപ വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് സുസ്ഥിര വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം പദ്ധതികളാണ് നിർദ്ദിഷ്ട സമയത്ത് നടപ്പിലാക്കാതിരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | എല്ലാ പദ്ധതികളും യഥാസമയം നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ; | | |
| (ഇ) | സമ്പൂർണ്ണ ഭവന പദ്ധതി ലക്ഷ്യമിട്ട് എത്ര പേർക്ക് വീട് നല്കിയെന്ന് ജില്ല തിരിച്ച കണക്കുകൾ പറയാമോ; | (ഇ) | സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി പ്രഖ്യാപിച്ച ശേഷം നാളിതു വരെ നല്കിയ വീടുകളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | ഇനിയും എത്ര പേർക്ക് വീടുകൾ നല്കാനുണ്ട്. അതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (എഫ്) | 2014-15-ലെ കണക്കുപ്രകാരം 6064 പേർക്കും, അതിനുശേഷം പുതുതായി പേരുചേർക്കപ്പെട്ട പട്ടികവർഗ്ഗ ഭവനരഹിത കുടുംബങ്ങൾക്കും കൂടി വീട് നല്കേണ്ടതുണ്ട്. ഐ.എ.വൈ. പദ്ധതിയുടെ 2015-16 സാമ്പത്തിക വർഷത്തെ വിഹിതമനുസരിച്ച് 9337 വീടുകൾകൂടി ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## DETAILS OF HOUSING 2014-15 ONWARDS

| Sl. No | PO/TDO's | General Housing 2014-15 | HUDCO Housing | ATSP 2015-16 | IAY Housing 2014-15 | Total |
|---|---|---|---|---|---|---|
| 1 | Thiruvananthapuram | 307 | 400 | 260 | 538 | 1505 |
| 2 | Kollam | 75 | 50 | 150 | 155 | 430 |
| 3 | Alappuzha | 56 | 20 | 50 | 104 | 230 |
| 4 | Pathanamthitta | 80 | 50 | 75 | 170 | 375 |
| 5 | Kottayam | 98 | 30 | 90 | 450 | 668 |
| 6 | Ernakulum | 86 | 100 | 40 | 226 | 452 |
| 7 | Idukki | 353 | 200 | 1500 | 1408 | 3461 |
| 8 | Thrissur | 80 | 100 | 50 | 150 | 380 |
| 9 | Palakkad | 124 | 100 | 700 | 500 | 1424 |
| 10 | Palakkad,Attappady | 327 | 150 | 2800 | 531 | 3808 |
| 11 | Malappuram | 100 | 100 | 350 | 306 | 856 |
| 12 | Tribal Development Office, Kozhikode | 79 | 50 | 200 | 172 | 501 |
| 13 | Wayanad,Kalpatta | 243 | 150 | 750 | 1125 | 2268 |
| 14 | Wayanad, Mananthavady | 306 | 150 | 750 | 1125 | 2331 |
| 15 | Wayanad,Sulthan Bathery | 279 | 200 | 850 | 1007 | 2336 |
| 16 | Kannur | 93 | 50 | 300 | 568 | 1011 |
| 17 | Kasargodu | 221 | 100 | 1085 | 802 | 2208 |
| | **SUB TOTAL** | **2907** | **2000** | **10000** | **9337** | **24244** |